എന്നിവയും അവരുടെ പേരിൽ ചെലവഴിച്ച അതിഥി സൽക്കാര ചെലവുകൾ, ടെലിഫോൺ ചെലവുകൾ, വാഹന ചെലവുകൾ എന്നിവയും എത്രയാണെന്ന് സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചെലവുകൾക്ക് സർക്കാർതലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

വി. ആർ. എസ്. നടപ്പാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

14 [3021] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരുന്ന സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നടപ്പാക്കി; എത്രപേർ പിരിഞ്ഞുപോയി;

(ബി) പിരിഞ്ഞുപോയവർക്കെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എത്രപേർക്ക് ഇനി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എതെങ്കിലും പൊതുമേഖലാ സ്ഥാപനം സ്വകാര്യ മേഖലയ്ക്ക് കൈമാറിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതു സ്ഥാപനമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരുന്ന സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നടപ്പിലാക്കിയിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി ആന്റ് ഇ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും സ്വകാര്യ മേഖലയ്ക്ക് കൈമാറിയിട്ടില്ല.

സിഡ്കോയുടെ പുനരുദ്ധാരണം

15 [3022] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരാണുള്ളത്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെറുകിട വ്യവസായ മേഖലയുടെ തകർച്ചയോടെ സിഡ്കോയും വൻപ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിഡ്കോയുടെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ ശ്രമിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇവർ നിർമ്മിക്കുന്നതും വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ളതുമായ സാധന സാമഗ്രികൾ, സ്ഥാപനങ്ങളുടെ ആവശ്യാർത്ഥം സിഡ്കോ വഴി ചെറുകിട വ്യവസായികളിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സ്റ്റോർ പർച്ചേഴ്സ് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) സിഡ്കോയിൽ ഇപ്പോൾ 312 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) ഉണ്ട്.

(സി) സിഡ്കോയുടെ അധീനതയിലുള്ള ലാഭകരമാക്കാൻ സാധിക്കാത്ത നാല് ഉൽപ്പാദന യൂണിറ്റുകളിൻമേലുള്ള ഇ. ആർ. സി.-യുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാനത്ത് വ്യവസായ വികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനായും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു സമീപനരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ സമീപനരേഖ അടിസ്ഥാനമാക്കിയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സിഡ്കോയിലെ നിയമനം

16 [3023] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിലെ നിയമനം ഏത് ഏജൻസിലൂടെയാണ് നടത്തുന്നത്;

(ബി) പി. എസ്. സി മുഖേന ഏറ്റവും ഒടുവിൽ നിയമനം നടന്നത് ഏത് വർഷമാണ്;

LIBRARY ARCHIVES Kerala Legislative Assembly